





തെയ്യക്കം തെയ്യാരോ...
തക തെയ്യക്കം തെയ്യാരോ...
മണിമലക്കാട്...
നമ്മുടെ മണിമലക്കാട്...
ആന വരുന്നുണ്ടേ...
കൊമ്പുകുലുക്കുന്നുണ്ടേ...
തുമ്പിക്കൈ നീട്ടുന്നുണ്ടേ...
കാടുകുലുങ്ങുന്നുണ്ടേ...
നമ്മുടെ കാടുകുലുങ്ങുന്നുണ്ടേ.



അന്നൊരു ദിവസം
ആനമൂപ്പനും കൂട്ടുകാരും
മലയുടെ മുകളിൽ നിന്ന്
താഴേക്ക് വരികയാണ്.



"അയ്യോ !"
ആരാ കരഞ്ഞത് ?
കുട്ടിയാന കുഴിയിൽ
വീണു.




# ഠേ... ഠേ

പടക്കം പൊട്ടുന്ന ശബ്ദം.
ആനമൂപ്പനും കൂട്ടുകാരും
പേടിച്ചോടി.
പാവം കുട്ടിയാന
അവന് മാത്രം രക്ഷപ്പെടാൻ
കഴിഞ്ഞില്ല.



ആനമൂപ്പാ
അതാ അവിടേക്ക്
നോക്കൂ....
കുഞ്ഞിക്കിളികൾ
വായ തുറന്നു കരയുന്നു.






എന്തിനാവും
കരയുന്നത് ?




അതാ അമ്മക്കിളി
തീറ്റയുമായി
പറന്നു വരുന്നു.



അതാ
കുഞ്ഞിക്കിളിയുടെ
കരച്ചിൽ നിന്നല്ലോ.






കണ്ടോ
അമ്മയുടെ
സ്നേഹം.




എനിക്കും
എന്റെ അമ്മയെ
ഓർമ്മ വരുന്നു





അവർ മരം വെട്ടുകയാണ്.
മരക്കൊമ്പുകൾ കുലുങ്ങി.
കിളികൾ പേടിച്ചു പറന്നു പോയി.



തൂക്കണാംകുരുവിയുടെ
കൂട് ഇളകി വീണു.
മുട്ടകൾ പൊട്ടിച്ചിതറി.
തൂക്കണാം കുരുവി കരഞ്ഞു.



അവൾ
കിങ്ങിണിക്കാട്ടിലേക്ക്
പറന്നു.